"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- എയ്ഡഡ് - ജീവനക്കാര്യം- ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിലെ ഫുൾ ടൈം മിനിയൽ ശ്രീമതി രാജി ടി.എസ്. തസ്തികയില്ലാതെ പുറത്തു നിന്ന 15.07.2006 മുതൽ 31.05.2007 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4509/2025/GEDN തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. 20.06.2022 തീയതിയിലെ സ.ഉ.(അച്ചടി) 7/2022/പൊവിവ നം ഉത്തരവ്.
2. 03.06.2024 തീയതിയിലെ സ.ഉ.(അച്ചടി) 16/2024/പൊവിവ നം ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.08.2024, 20.12.2024 എന്നീ തീയതികളിലെ ഡിജിഇ/15457/2024-ഇസി3 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിലെ ഫുൾ ടൈം മിനിയൽ ശ്രീമതി രാജി ടി.എസ്. തസ്തികയില്ലാതെ പുറത്തു നിന്ന 15.07.2006 മുതൽ 31.05.2007 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു നല്കുന്നതിനുള്ള അപേക്ഷ പരാമർശം 3 പ്രകാരം ലഭ്യമായിട്ടുണ്ട്. രാമവർമ്മ യൂണിയൻ ഹൈസ്കൂളിൽ സ്ഥാനക്കയറ്റം മൂലം ഉണ്ടായ ഫുൾ ടൈം മീനിയൽ ഒഴിവിൽ ശ്രീമതി രാജി ടി.എസ്.ന് 03/05/2004 മുതൽ നിയമനാംഗീകാരം ലഭിക്കുകയും 2006-2007 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഒരു ഫുൾ ടൈം മിനിയൽ തസ്തിക കുറഞ്ഞതിനാൽ 15/07/2006 മുതൽ സേവനത്തിൽ നിന്നും പുറത്താവുകയും ചെയ്തിരുന്നു. പിന്നീട് ഈ സ്കൂളിൽ 2007-20008 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഒരു ഫുൾ ടൈം മീനിയൽ തസ്തിക ലഭിക്കുകയും ശ്രീമതി രാജി ടി.എസ്.നെ 01/06/2007 മുതൽ ടി തസ്തികയിൽ മാനേജർ പുനർ നിയമനം നൽകുകയും അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. അതിനാൽ ടിയാൾ സേവനത്തിൽ നിന്നും തസ്തികയില്ലാതെ പുറത്തായ 15.07.2006 മുതൽ 31.05.2007 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനായുള്ള അപേക്ഷ ശിപാർശ ചെയ്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിലെ ഫുൾ ടൈം മിനിയൽ ശ്രീമതി രാജി ടി.എസ് തസ്തികയില്ലാതെ പുറത്തു നിന്ന 15.07.2006 മുതൽ 31.05.2007 വരെയുള്ള കാലയളവ് പരാമർശം (1),(2) ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പ്രകാരം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീമതി രാജി ടി.എസ്., ഫുൾ ടൈം മീനിയൽ, രാമവർമ്മ യൂണിയൻ ഹൈസ്കൂൾ, ചെറായി, എറണാകുളം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Resmi Babu
Date: 08-07-2025 12:51:22

പകർപ്പ്:-
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ വകുപ്പ സെക്രട്ടറിയുടെ സി.എ.യ്ക്ക്